III. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, കേരളത്തിലെ ജനങ്ങളെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നതും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതും. കേരളത്തിലെ വാർത്താമാധ്യമങ്ങളിലെല്ലാം, അതായത് അച്ചടി മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലുമെല്ലാം കഴിഞ്ഞ കുറെയേറെ ദിവസങ്ങളായി കേരളത്തിലെ റോഡുകളുടെ പ്രശ്നം, അതിദയനീയമായ ശോചനീയാവസ്ഥയെക്കുറിച്ചുള്ള വാർത്തകൾ ഓരോ ദിവസവും വന്നു-കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. കാരണം കേരളത്തിൽ സഞ്ചരിക്കാൻ റോഡുകൾ ഇല്ല. റോഡുകൾ അഗാധ ഗർത്തങ്ങളായി മാറിയിരിക്കുന്നു. റോഡുകൾ കണ്ടുപിടിക്കേണ്ട സ്ഥിതിയിലെത്തിയിരിക്കുന്നു. ശബരിമല തീർത്ഥാടനം തുടങ്ങി. ശബരിമല തീർത്ഥാടത്തിനായി വൃശ്ചികം 1-ന് മുമ്പ് റോഡ് സൗകര്യങ്ങളൊരുക്കുക എന്നുള്ള കഴിഞ്ഞ കാലങ്ങളിലൊക്കെയുള്ള ക്രമീകരണം ഇപ്രാവശ്യം പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ഹൈക്കോടതി ഐഡന്റിഫൈ ചെയ്ത, ശബരിമലയിലേക്കുള്ള പ്രധാനപ്പെട്ട പാതകളിൽ പോലും കുഴി അടയ്ക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയാതെ വന്നിരിക്കുന്നു. ഇത് വളരെ ഗൗരവപൂർവ്വം കാണണം. ഇത് ഞങ്ങൾ മാത്രം പറയുന്നതല്ല. മാധ്യമങ്ങൾ പറഞ്ഞ കാര്യം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. കൂടാതെ കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ തോൽവിക്ക് പിന്നിൽ റോഡിന്റെ ശോച്യാവസ്ഥ ഒരു പ്രധാനപ്പെട്ട പ്രശ്നമായിട്ടുണ്ടെന്ന് അങ്ങയുടെ പാർട്ടിയുടെ സെക്രട്ടറി ബഹുമാന്യനായ ശ്രീ. പിണറായി വിജയൻ സ്റ്റേറ്റ് കമ്മിറ്റിക്കു ശേഷം നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. അങ്ങയുടെ മന്ത്രിസഭയിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ കഴിഞ്ഞ ദിവസം റോഡാണ് പ്രശ്നമെന്ന് പറഞ്ഞു. ഇത് ഗൗരവമായി കാണണ്ടേ? എല്ലാ തലത്തിലുംപെട്ട ആളുകൾ ഈ വിഷയം ഉന്നയിക്കുമ്പോൾ ഇത് ഗൗരവമായി കാണണ്ടേ? ഈ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ നിങ്ങൾക്ക് കഴിയുമോ? ചോദ്യോത്തരവേളയിൽ ഇക്കാര്യം കുറെയേറെ ചർച്ച ചെയ്തു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് എം.ഡി.ആർ. ആക്കി ഉയർത്തിയ റോഡുകൾ ഈ ഗവൺമെന്റ് വന്നപ്പോൾത്തന്നെ ആ ഉത്തരവ് തടയുകയും ആ റോഡുകളിലൊന്നും പണി ചെയ്യണ്ടെന്ന് പറയുകയും ചെയ്തു. കഴിഞ്ഞ നാല് വർഷമായി കേരളത്തിലെ റോഡുകൾ തകർന്ന് തരിപ്പണമായി അഗാധ ഗർത്തങ്ങളായി മാറിയതിന്റെ പ്രധാനപ്പെട്ട ഒരു കാര്യം ഇതാണ്. ഇന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞു ഈ തർക്കങ്ങൾ പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല, തർക്കം തീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന്. ഇനി മൂന്ന് മാസം കൂടിയാണ് ഈ ഗവൺമെന്റിന് കാലാവധി അവശേഷിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ എടുത്ത ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വന്ന പ്രശ്നം പരിഹരിക്കാൻ ഇത്ര നാളായിട്ടും കഴിഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ എന്ത് ന്യായമാണ് ഉള്ളത്? പ്രി-മൺസൂൺ വർക്കുകൾ അറേഞ്ച് ചെയ്യുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ടായിരുന്നു. എന്നിട്ടും എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞോ? ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ റോഡുകളിൽ 78,311 കുഴികൾ ഉണ്ടെന്ന് കണ്ടുപിടിച്ചു. കുഴികൾ അടയ്ക്കാനുള്ള സംസ്ഥാനതല ഉത്ഘാടനവും അദ്ദേഹം നടത്തി. എവിടെയെങ്കിലും കുഴി അടയ്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടായോ? അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ഈ സ്ഥിതി ഉണ്ടാകില്ലായിരുന്നു. മഴയ്ക്കുമുമ്പ് ചെയ്തുതീർക്കേണ്ട പണികളെ സംബന്ധിച്ച നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നൽകിയിരുന്നു. താഴെത്തട്ടിൽ നിന്ന് ആ എസ്റ്റിമേറ്റുകൾ ഗവൺമെന്റിലേക്ക് സമർപ്പിച്ചു. പക്ഷേ അതിൽ ഒരു തീരുമാനവുമെടുക്കാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: ജോസഫ് എം. പുതുശ്ശേരി.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇതൊന്നു പറഞ്ഞോട്ടെ. ഇത് ഗൗരവമുള്ള കാര്യമല്ലേ? മൂന്ന് മിനിട്ടല്ലേ ആയുള്ളൂ. 50 ശതമാനം റോഡിനുപോലും എ.എസ്. കൊടുത്തിട്ടില്ല. ഇത് മഴയ്ക്ക് മുമ്പുള്ള ജോലികളെ സംബന്ധിച്ചുള്ളതാണ്. ഈ മഴയോടുകൂടി കേരളത്തിലെ റോഡുകളാകെ താറുമാറായി. അതിന്റെ പ്രൊപ്പോസൽ ഇപ്പോഴും കയ്യിലിരിക്കുകയാണ്. ഇവിടെ പി.ഡബ്ല്യു.ഡി.-യുടെ പരിശോധന നടക്കുകയാണ്. ഇത് കഴിയുമ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധന. അത് കഴിഞ്ഞ് സംയുക്ത പരിശോധന. ഈ പരിശോധനയല്ലാതെ പ്രായോഗിക തലത്തിൽ ഒരു തീരുമാനവും നടപടിയും ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് ഇക്കാര്യങ്ങളിൽ നിർമ്മാണനിർവ്വഹണം നടത്താനാകാതെ വരുന്നത്. ശബരിമലയുടെ കാര്യം പറഞ്ഞു. ഇപ്പോൾ പറയുന്നു മഴ നീണ്ടുപോയി. മഴ എല്ലാ വർഷവും ഉള്ളതല്ലേ? വൃശ്ചികം 1-ന് ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിനുമുമ്പ് ശബരിമല റോഡുകൾ നന്നാക്കണം. അത് ഉണ്ടായില്ല. ശബരിമലയിലെ അനുബന്ധ റോഡുകളെ സംബന്ധിച്ച് 14-10-2009-ൽ മുഖ്യമന്ത്രി ദർബാർ ഹാളിൽ വിളിച്ചു കൂട്ടിയ യോഗത്തിന്റെ മിനിട്ട്സിനകത്ത് പറഞ്ഞു ഈ പ്രാവശ്യം അനുബന്ധ റോഡുകൾ നന്നാക്കുമെന്ന്. പക്ഷേ 2009 പത്താം മാസവും 2010 പന്ത്രണ്ടാം മാസവും ഇരുപത്തിരണ്ടാം തീയതിയുമായിട്ടും ഒരു നടപടിയുമുണ്ടായില്ല. പത്തനംതിട്ട ജില്ലയിലെ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാരും ചേർന്ന് എഴുതിക്കൊടുത്ത നിവേദനമാണിത്. അനുബന്ധ റോഡുകളെ സംബന്ധിച്ച് തീരുമാനമില്ല. നാലാഞ്ചിറ പാത അങ്ങയുടെ നിയോജക മണ്ഡലമാണല്ലോ? പത്രങ്ങളിൽ വന്ന വാർത്തയെന്താണ്? ആളുകൾക്ക് വീട്ടിൽനിന്ന് പുറത്തിറങ്ങണമെങ്കിൽ രണ്ടാൾ പൊക്കത്തിലുള്ള ഗോവണി വച്ച് താഴെക്ക് ഇറങ്ങണം. പ്രതിപക്ഷ നേതാവ് ആ ഗോവണിയിൽ കൂടി കയറുന്ന ചിത്രം പത്രത്തിൽ പ്രസിദ്ധീകരിച്ചുവന്നിരുന്നു. ഇങ്ങനെ ഒരു റോഡ് മുഴുവൻ തകർത്ത് എങ്ങനെയാണ് ജോലി നിർവ്വഹിക്കുന്നത്. സമയബന്ധിതമായി അഞ്ചോ പത്തോ ദിവസംകൊണ്ട് തീർക്കുന്ന ജോലിയാണെങ്കിൽ മുഴുവനായി എടുക്കും. അല്ലെങ്കിൽ പാതി റോഡിന്റെ നിർമ്മാണ ജോലികൾ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിച്ചതിനുശേഷമാണ് ബാക്കി റോഡ് പണി നിർവ്വഹിക്കുക. ഭരണസിരാ കേന്ദ്രമായ തിരുവനന്തപുരത്തേക്ക് വരുന്ന എം.സി. റോഡിന്റെ ഗുരുതരമായ സ്ഥിതിയാണ് ഇത്. ഇവിടം ചെളിക്കുണ്ടായി മാറി ആളുകൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമുണ്ടായി. സമഗ്രമായി ഈ വിഷയം പരിഹരിക്കണം. കേരളത്തിലെ റോഡുകളാകെ തകർന്ന് തരിപ്പണമായി കിടക്കുന്നു. പരിഹരിക്കാൻ നടപടിയില്ല. എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതല്ലാതെ പ്രായോഗികമായി അതിന്മേൽ തീരുമാനമെടുത്ത് വർക്ക് എക്സിക്യൂട്ട് ചെയ്യാൻ കഴിയുന്നില്ല. അങ്ങ് മുൻകൈയെടുത്ത് രണ്ട് മാസം മുമ്പ് ഞങ്ങളെ വിളിച്ചുകൂട്ടിയ യോഗത്തിൽ പറഞ്ഞു, ഇപ്പോൾ നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ മഴക്കാലം കഴിയുമ്പോഴെങ്കിലും പണി ആരംഭിക്കാൻ കഴിയുകയുള്ളുവെന്ന്. ഇപ്പോഴും ഒരു നടപടിയും എടുത്തിട്ടില്ല. പണി ആരംഭിക്കാൻ കഴിയുന്നില്ല. കേരളത്തിലെ റോഡുകളാകെ കുണ്ടുംകുഴിയുമായി അഗാധ ഗർത്തങ്ങളായി ഗതാഗതം അസാധ്യമാക്കുന്ന സാഹചര്യം കേരളത്തിലുണ്ടായിരിക്കുന്നു. അടിയന്തരമായി ഇതിന് പരിഹാരം കാണാനാവശ്യമായ നടപടിയുണ്ടാകണം. അങ്ങാണ് ഇതിന് ഉത്തരവാദിയെന്ന് ഞാൻ പറയുന്നില്ല. അനാവശ്യമായ പരിശോധനകളും കാര്യങ്ങളുമായി ഈ രംഗത്ത് വളരെയേറെ കാലതാമസമുണ്ടാകുന്നു. അത് പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ചും റീ-ടാറിംഗ് സംബന്ധിച്ചുമൊക്കെയുള്ള കാര്യങ്ങളിൽ നടപടിയെടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടാക്കുന്നു. ഇത് പരിഹരിക്കേണ്ടാവശ്യമായ നടപടി അടിയന്തരമായി അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കേരളത്തിലെ റോഡുകളുടെ കാര്യത്തെ സംബന്ധിച്ച് ഇവിടെ ചില കാര്യങ്ങൾ വെളിപ്പെടുത്താൻ അവസരമുണ്ടാക്കിയ എന്റെ സുഹൃത്ത് ജോസഫ് എം. പുതുശ്ശേരിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം ഉന്നയിച്ചതുകൊണ്ടാണ് ഇത് പറയാനുള്ള അവസരമുണ്ടായത്. ഈ റോഡുകളുടെ ദയനീയാവസ്ഥ, തകർച്ച അത് ഒരു ആറ് മാസക്കാലത്തിനിടയിലുണ്ടായതല്ല. ഇവിടെ ഇപ്പോൾ ഭരിക്കുന്നത് എൽ.ഡി.എഫ്. ആണെങ്കിലും പി.ഡബ്ല്യു.ഡി.-ശ് പൂർണ്ണമായും ഭരിച്ചത് എൽ.ഡി.എഫ്. ആണെന്ന് പറയാൻ നിവൃത്തിയില്ല. ഞാൻ അങ്ങ് പറഞ്ഞതുകൊണ്ടാണ് പറഞ്ഞത്. അങ്ങേക്ക് അത് മനസ്സിലായിക്കാണും. നാല് വർഷവും ഭരിച്ചത് എൽ.ഡി.എഫ്. ആണെന്ന് പറയാൻ നിവൃത്തിയില്ലെന്ന ഞാൻ പറഞ്ഞുള്ളൂ. അതുകൊണ്ട് ഇതിന്റെ ഉത്തരവാദിത്വം രണ്ട് ഭാഗത്തുള്ളവർക്കുമുണ്ട്. ഞാൻ അങ്ങ് പറഞ്ഞ വസ്തുതകളൊന്നും നിഷേധിക്കുന്നില്ല. കാരണം റോഡുകളുടെ അവസ്ഥ പ്രത്യേകിച്ചും ഇപ്പോൾ ഏറ്റവും ഒടുവിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ ദയനീയമായ ഒരു അവസ്ഥയിൽ എത്തിയതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായിട്ടുള്ള കാലം തെറ്റിയ കാലവർഷം തന്നെയാണ്. അത് ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട കാര്യമാണ്. കഴിഞ്ഞ എട്ട് മാസക്കാലമായി മഴയാണ്. കഴിഞ്ഞ ഓഗസ്റ്റ് മാസം, ഞാൻ ചുമതലയേൽക്കുന്നതിന് മുമ്പുതന്നെ ഡോ. തോമസ് ഐസക്കിന് ഈ വകുപ്പിന്റെ ചുമതലയുള്ളപ്പോൾ 164 കോടി രൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചു. ഫണ്ടിന്റെ കാര്യമല്ല അങ്ങ് പറഞ്ഞത്, ധനകാര്യ വകുപ്പിന്റെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ എടുത്തുപറയുകയാണ്. അത് ഉൾപ്പെടെ മഴ തോരാതിരുന്ന സാഹചര്യത്തിൽ 265 കോടി രൂപ തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ നൽകി. അതിൽ 140 കോടി രൂപ റോഡിനുവേണ്ടി ജില്ലാ പഞ്ചായത്തുകൾക്കാണ് നൽകിയത്. മഴയുടെ കാഠിന്യം വലിയ രൂപത്തിൽ വന്നപ്പോൾ സർക്കാർ ഇത്രമാത്രം ഉണർന്നു പ്രവർത്തിച്ച ഒരു കാലം മുമ്പ് ഉണ്ടായിട്ടേയില്ല. സർക്കാർ തലത്തിൽ എത്ര റിവ്യൂകൾ നടത്തി; ഞാൻ പത്തനംതിട്ടയിൽ വന്ന് നാല് തവണ റിവ്യൂ നടത്തി, ശബരിമല ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി. ജില്ലാതലത്തിൽ മാത്രമല്ല, നിയോജകമണ്ഡലാടിസ്ഥാനത്തിലും നടത്തി റിവ്യൂ ഒരു പുതിയ അനുഭവമാണ്. റിവ്യൂ എന്നുപറയുന്നത് ജില്ലയിലും നിയോജക മണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ-മാരാണ്, ശ്രീ. ജോസഫ് എം. പുതുശ്ശേരിയാണ് അവിടത്തെ കാര്യങ്ങൾ നോക്കേണ്ടത്. ഇങ്ങോട്ട് പറഞ്ഞിട്ട് കാര്യമില്ല. അത് നിങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്.

ജില്ലാതലത്തിലും നിയോജക മണ്ഡലാടിസ്ഥാനത്തിലുമുള്ള റിവ്യൂ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റിയത് ഈ സർക്കാരാണ്. അതിന്റെ ഭാഗമായി നമുക്ക് കുറേ മുന്നോട്ട് പോകാൻ സാധിച്ചുവെങ്കിലും വീണ്ടും അതിവർഷം വന്നതിന്റെ ഫലമായി ഗവൺമെന്റ് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. ഇന്നിപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജില്ലാ തലങ്ങളിൽ മന്ത്രിമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. മാരും നേതൃത്വം കൊടുക്കുന്ന ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നത്. ഫണ്ടിന്റെ കാര്യമെടുക്കുകയാണെങ്കിൽ ഈ ശോചനീയാവസ്ഥ കണക്കിലെടുത്തുകൊണ്ട് റോഡുകളുടെ റിന്യൂവൽ പാക്കേജ്..... നേരത്തെ പറഞ്ഞ ഒ.ഡി.ആർ., എം.ഡി.ആർ. തർക്കങ്ങൾ ഇവിടെ വിഷയമല്ല ഏത് റോഡുകളാണെങ്കിലും സർക്കാരിന്റെതാണെങ്കിലും അല്ലെങ്കിലും പുതുക്കി പണിയുകയാണ്. 718 കോടി രൂപയുടെ ഒരു പ്രത്യേക റിന്യൂവൽ പാക്കേജ് ഉൾപ്പെടെ 983 കോടി രൂപയാണ് ഈ വർഷം റോഡുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അറ്റകുറ്റപ്പണികൾക്കായി ഉപയോഗിച്ചിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള നടപടികളാണ് ഇതിന്റെ ഭാഗമായി എടുത്തിട്ടുള്ളത്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അതു മാത്രമല്ല. ഫണ്ട് അനുവദിച്ചാലും പ്രവൃത്തി നടക്കുന്നില്ല. ധാരാളം തടസ്സങ്ങൾ കാണുന്നുവെന്ന് അങ്ങിവിടെ പറഞ്ഞല്ലോ? പൊതുമരാമത്ത് വകുപ്പിൽ തടസ്സങ്ങളേയുള്ളൂ. അതൊക്കെ മാറ്റിക്കൊണ്ടാണ് സർക്കാർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടെണ്ടർ കൊടുക്കാനും ടെക്നിക്കൽ സാങ്ഷൻ കൊടുക്കാനും 50 ലക്ഷം രൂപയുടെ ഫിനാൻഷ്യൽ പവർ അനുവദിച്ചുകൊണ്ടുള്ള പ്രത്യേക ഉത്തരവ് ഇറക്കിയത്. ഇത് 15 ലക്ഷം രൂപ ആയിരുന്നല്ലോ. അങ്ങനെ നിരവധി പരിഷ്കാരങ്ങൾ വരുത്തി. അതുമാത്രമല്ല, ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി കൂടുകയും ക്രൈസിസ് മറികടക്കുന്നതിനായി ഒരു ഷോർട്ട് ടേം പ്ലാനും ഒരു ലോങ് ടേം പ്ലാനും കേരളത്തിന്റെ ഇന്നത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക കാര്യങ്ങൾ തീരുമാനിക്കാൻവേണ്ടി ഒരു ഉന്നതതല വിദഗ്ദ്ധ സമിതി, (Highly Technical Committee) രൂപീകരിക്കുകയും ആ കമ്മിറ്റിയിൽ നാഷണൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയും ഇൻഡ്യൻ റോഡ് കോൺഗ്രസ്സും ബോർഡർ റോഡ് ഓർഗനൈസേഷനും (ബി.ആർ.ഒ.) അങ്ങനെ ഡിഫൻസിന്റെ സഹായമുൾപ്പെടെ വച്ചുകൊണ്ടാണ് ഈ വിദഗ്ദ്ധ സമിതി പഠിച്ച്, ഏത് കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡുകൾ കേരളത്തിലുണ്ടാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളും ലോങ് ടേം പരിപാടികളും ആരംഭിച്ചിട്ടുള്ളത്. മാധ്യമങ്ങളുടേയും ജനങ്ങളുടേയും കാര്യം പറഞ്ഞല്ലോ. ജനങ്ങളാണ് അനുഭവിക്കുന്നത് മാധ്യമങ്ങളാണ് അത് കാണിക്കുന്നത്. അവരെ കൂടി ഇതിൽ പങ്കാളികളാക്കികൊണ്ട് ജനങ്ങൾക്ക് ഏത് സമയത്തും റോഡിനെ സംബന്ധിച്ച് പരാതി പറയാൻ കേരളത്തിൽ 30 ലൈനുകളുള്ള ടോൾ ഫ്രീ കാൾ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അത് ശക്തമായി പ്രവർത്തിക്കുകയാണ്. അതിന്റെ ഭാഗമായി ടോൾ ഫ്രീ കാൾ സെന്ററിൽ ഒരു പരാതി ലഭിച്ചാൽ ആ വോയിസ് റെക്കോർഡ് ചെയ്യും. 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ഈ പരാതിക്കാരന് മറുപടി കൊടുക്കണം, കൊടുത്തില്ലെങ്കിൽ അയാൾ ആ സ്ഥാനത്തുണ്ടാകില്ല. നിരവധി നടപടികളെടുത്തിട്ടുണ്ട്. ആ രൂപത്തിൽ ജനങ്ങളെയും ജനപ്രതിനിധികളെയും ഇതിൽ പങ്കാളികളാക്കിക്കൊണ്ട് രണ്ടു-മൂന്ന് ദിവസങ്ങൾക്കുമുമ്പ് ഒരു മാധ്യമ ഉപദേശക സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് ഉത്തരവിറക്കി. അത്തരത്തിലുള്ള ഒരുപാട് പരിഷ്കാരങ്ങൾ ഈ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ടെണ്ടർ ചെയ്ത കരാറുകാരൻ വർക്ക് നടത്താത്തതിന് വല്ല നടപടിയുമുണ്ടോ?

ശ്രീ. എം. വിജയകുമാർ: സർ, അതിൽ അങ്ങേക്ക് തന്നെ അറിയാവുന്ന ഒരു കാര്യമുണ്ട്, ഞാൻ പറയാം. കരാറുകാരിൽ കുഴപ്പക്കാരുണ്ട്. എല്ലാത്തിലും കുഴപ്പക്കാരുണ്ട്. എഞ്ചിനീയർമാരിൽ കുഴപ്പക്കാരില്ലേ; അവരെ വെറുതെവിടാൻ പറ്റുമോ? നല്ല ആളുകളുണ്ട് അവരെ പ്രോത്സാഹിപ്പിക്കും, മോശപ്പെട്ട ആളുകളെ കർശനമായി കൈകാര്യം ചെയ്യും. പൊതുമരാമത്ത് വകുപ്പിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ വളരെ അഭിമാനത്തോടുകൂടി പറയുകയാണ്, നിർമ്മാണപ്രവർത്തനം മാത്രമല്ല, ഈ അടുത്ത കാലത്തുണ്ടായ മാറ്റത്തെ കുറിച്ച് കൂടുതൽ ഞാൻ പറയുന്നില്ല, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരുപാട് മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി ശബരിമലയുടെ കാര്യം പറഞ്ഞല്ലോ. ശബരിമലയുടെ കാര്യത്തിൽ അങ്ങേയറ്റത്തെ ശ്രദ്ധയാണ്. മഴയുണ്ടായിട്ടുപോലും മനുഷ്യ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തു. ഞാൻ നേരിട്ട് 4 തവണ അവിടെ പോയി റിവ്യൂ നടത്തി, അതിന്റെ ഭാഗമായി..... പറയട്ടെ അവിടത്തെ സാമാജികൻ കൂടിയാണ് അങ്ങ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോസഫ് എം. പുതുശ്ശേരി, അദ്ദേഹത്തിന് പറയാൻ അവസരം കൊടുക്കു.....പ്ലീസ്.....പ്ലീസ്.....

ശ്രീ. എം. വിജയകുമാർ: സർ, ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് അറിയാം. ശബരിമലയിൽ നടതുറക്കുന്നതിനുമുൻപ് അവസാന ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ അടങ്ങുന്ന ഉന്നത തല അവലോകന യോഗം കൂടിയപ്പോൾ ബഹുമാനപ്പെട്ട അംഗം ജോസഫ് എം. പുതുശ്ശേരിയും ഉണ്ടായിരുന്നു. ചരിത്രത്തിൽ ആദ്യമായി പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം അവിടെ സംസാരിക്കുകയുണ്ടായി. ഒരു വാക്കൗട്ടും ഉണ്ടായില്ല. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, അതിന് ശേഷം വീണ്ടും കാലംതെറ്റിയ കാലവർഷമുണ്ടായി, റോഡുകൾ പലതും തകർന്നുപോയി. അത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നലെ എനിക്ക് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്വേഷിച്ചു, രണ്ട് ദിവസത്തിനുള്ളിൽ ആ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കും. അതുപോലെ അദ്ദേഹവും മറ്റ് എംഎൽഎ-മാരും പറയുന്ന മറ്റൊരു കാര്യമാണ്, അനുബന്ധ റോഡുകൾ. കഴിഞ്ഞ വർഷവും അത് മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തിയതാണ്. മുഖ്യമന്ത്രി അത് നടപ്പാക്കാമെന്ന് പറഞ്ഞതുമാണ്. എന്നാൽ മുഖ്യമന്ത്രി കഴിഞ്ഞ വർഷം കൊടുത്ത ഉറപ്പ് ഇപ്പോൾ നടപ്പാക്കി കഴിഞ്ഞു. 9 കോടി രൂപ ചെലവഴിച്ച് അനുബന്ധ റോഡുകളെല്ലാം നിർമ്മിക്കാനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു. അതുപോലെ തന്നെ ശബരിമലയിലെ കുഴപ്പം പൊതുവിലുള്ള അതിന്റെ ഭാഗമാണ്. എന്തിനാണ് ഓരോ വർഷവും നിർമ്മാണം നടത്തുന്നത്? ഓരോ വർഷവും അറ്റകുറ്റപ്പണി ചെയ്യണ്ടതിന്റെ ആവശ്യമുണ്ടോ? അത് മാറ്റിക്കൊണ്ട് 5 വർഷത്തിലൊരിക്കൽ മാത്രം നിർമ്മാണ പ്രവർത്തനം നടത്തുന്ന രൂപത്തിൽ നിലനിൽക്കുന്ന റോഡുകൾക്കു-വേണ്ടി ഒരു ഹെവി മെയിന്റനൻസ് പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുമെന്നും അതിന് ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെയും ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും പിന്തുണയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സർ, അങ്ങിവിടെ റിവ്യൂ നടത്തിയ കാര്യവും തുക അനുവദിക്കുന്ന കാര്യവും പറഞ്ഞു. റിവ്യൂ ധാരാളം നടത്തി. പരിശോധന നടക്കുന്നു, കുറേ തുക അനുവദിച്ചു എന്നൊക്കെ പറഞ്ഞു. നടപടിക്രമങ്ങളിലെ കാലതാമസം കാരണം ഫലത്തിൽ വർക്കുകൾ നടത്താൻ കഴിയുന്നില്ല. പി.ഡബ്ല്യു.ഡി. കൊടുത്ത പ്രൊപ്പോസലുകളിൽ 50 ശതമാനത്തിനു പോലും എ.എസ്. കൊടുത്തിട്ടില്ല. റോഡുകളുടെ ഇപ്പോഴത്തെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ഇന്ന മാസം ഇത്രാം തീയതിക്കുള്ളിൽ കേരളത്തിലെ തകർന്ന റോഡുകൾ മുഴുവൻ നന്നാക്കും എന്നൊരു ഉറപ്പ് ഈ സഭയ്ക്ക് നൽകാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: സർ, അത് സദുദ്ദേശത്തോടു കൂടിയാണെങ്കിൽ ഞാൻ പറയാം, ദുരുദ്ദേശത്തോടുകൂടി ഒരു ഡേറ്റ്..... രണ്ട് രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുണ്ടും കുഴികളും നികത്തി, പാച്ച് വർക്ക് ചെയ്യുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അത് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് പൂർത്തീകരിക്കണം. പൂർത്തീകരിച്ചു കഴിഞ്ഞാൽ ഞാൻ കൊടുത്തിരിക്കുന്ന പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർതന്നെ ഒരു പ്രൊഫോർമ കൊടുക്കണം. അതിൽ ആ പണികൾ പൂർത്തീകരിച്ച അതത് മണ്ഡലത്തിലെ നിയമസഭാ സാമാജികന്റെ കൗണ്ടർ സൈനോടുകൂടി 3 കോപ്പി എടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൊടുക്കണം. അവിടെ നിന്ന് എനിക്ക് തരണം. ആ രൂപത്തിൽ അത് പരിശോധിക്കും. അങ്ങനെയുള്ള അറ്റകുറ്റപ്പണികൾ ഒരു ഭാഗത്തുണ്ട്. അതുപോലെ നേരത്തെ ഞാൻ പറഞ്ഞ 718 കോടി രൂപയുടെ റിനൃുവൽ പാക്കേജിന്റെ പകുതി തുകയ്ക്കും ഭരണാനുമതി കൊടുത്തുകഴിഞ്ഞു, ടെണ്ടർ നടപടികൾ ആരംഭിച്ചു. മറ്റ് നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഞാൻ കട്ട് ഓഫ് ഡേറ്റ് മെന്നും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ചുരുങ്ങിയ നാളുകൾ കൊണ്ട് തന്നെ ഇത് രണ്ടും പൂർത്തീകരിക്കാൻ സാധിക്കും. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി രൂപീകരിച്ചതാണ് ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി. ഈ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുമ്പോൾ പിന്നെ എന്തിനാണ് ഡേറ്റിന് പ്രസക്തി? ഡേറ്റിനുപോലും പ്രസക്തിയില്ല. ആ രൂപത്തിൽ ഉണർന്നു പ്രവർത്തിക്കുകയാണെന്നാണ് എനിക്ക് പറയാനുള്ളത്.

(2) തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. ജയരാജൻ: സർ, നമ്മുടെ രാജ്യത്ത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ഒന്നാം യു.പി.എ. ഗവൺമെന്റ് അധികാരത്തിലുള്ള അവസരത്തിലാണ് ദേശീയ തൊഴിലുറപ്പ് നിയമം പാസ്സാക്കപ്പെട്ടത്. ആ നിയമം നടപ്പാക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് കേരളം. മറ്റ് പല സംസ്ഥാനങ്ങളിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലിപോലും ലഭിക്കുന്നില്ല. അവിടെ വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കുന്നു, അതുപോലെ തന്നെ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി കൊടുക്കുന്നില്ല. യന്ത്രങ്ങളെക്കൊണ്ട് പണിയെടുപ്പിക്കുന്നു, ഇങ്ങനെയെല്ലാമുള്ള വലിയ പരാതികൾ മറ്റ് പല സംസ്ഥാനങ്ങളിലുമുണ്ടെങ്കിലും കേരളത്തിൽ അത് ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. 100 ദിവസം പണി കൊടുക്കുക എന്നത് കേരള ഗവൺമെന്റിന് പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളാണ് അതിന് തടസ്സം നിൽക്കുന്നത്. ആ മാനദണ്ഡങ്ങൾ മാറ്റിക്കഴിഞ്ഞാൽ കേരളത്തിന്റെ സവിശേഷ സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുമ്പോൾ കേരളത്തിന് നല്ല രീതിയിൽ മുന്നോട്ട് പോകാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ 14 ജില്ലകളിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിക്കേണ്ട തുക എല്ലാ ജില്ലകളിലും അനുവദിക്കാത്ത ഒരു സാഹചര്യമുണ്ടായി. 11 ജില്ലകൾക്ക് ഫണ്ട് നിഷേധിച്ച അനുഭവമുണ്ടായി. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 90 ശതമാനവും സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്.

സംസ്ഥാന ഗവൺമെന്റിന് അനുവദിച്ച 356 കോടി രൂപയിൽ 300 കോടി രൂപയും ചെലവഴിച്ചുകഴിഞ്ഞു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുപോലും കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കാതിരിക്കുകയാണ് ചെയ്തത്. ആ ഫണ്ട് കൃത്യമായി കേരളത്തിന് അനുവദിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ 100 ദിവസം തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. മറ്റൊരു കാര്യം കേന്ദ്ര തൊഴിലുറപ്പ് നിയമപ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി കൊടുക്കണമെന്നാണ് വ്യവസ്ഥ. കേരളത്തിൽ 200 രൂപയാണ് മിനിമം കൂലി. പക്ഷേ ഇവിടെ കൊടുക്കുന്നത് 125 രൂപയാണ്. അത് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് പലതവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം സമ്മതിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly